9688
3/7/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന പദ്ധതി - മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം - 4 അങ്കണവാടികളെ മാതൃകാ അങ്കണവാടികളാക്കി നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം. 476/2015/സാനീവ തീയിതി, തിരുവനന്തപുരം. 30.07.2015.

---

പരാമർശം: 1) സ.ഉ.(സാധാ)നം. 23/2012/സാക്ഷേവ തീയതി, 16.01.2012.

2) സ.ഉ.(സാധാ)നം. 265/2015/സാനീവ തീയതി, 12.05.2012.

3) സാമൂഹ്യനീതി ഡയറക്ടറുടെ 07.07.2015 ലെ ICDS/A7-11036/13 നമ്പർ കത്ത്.

4) സാമൂഹ്യനീതി ഡയറക്ടറുടെ 07.07.2015 ലെ ICDS/A7-11396/13 നമ്പർ കത്ത്.

## ഉത്തരവ്

ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടി വീതം മാതൃകാ അങ്കണവാടിയാക്കി മാറ്റുന്നതിനും 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് 50% കേന്ദ്ര സഹായമായി അനുവദിച്ചിട്ടുള്ള 5452.49 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (നം.14907) നിക്ഷേപിക്കുന്നതിനും ടി തുക ഉപയോഗിച്ച് മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിനുമുള്ള അനുമതി പരാമർശം (1) പ്രകാരം നൽകുകയുണ്ടായി.

2. സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയും ബന്ധപ്പെട്ട എം.എൽ.എ മാരുടെ എസ്.ഡി.എഫും ചേർത്ത് ഒരു അങ്കണവാടിയ്ക്ക് 23.75 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ നിയോജകമണ്ഡലങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എമാർ ശുപാർശ ചെയ്തിട്ടുള്ള 108 അങ്കണവാടികളെ മാതൃകാ അങ്കണവാടികളാക്കി നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

3. കോങ്ങാട്, കോന്നി, ചങ്ങനാശ്ശേരി, തലശ്ശേരി നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ മാർ ശുപാർശ ചെയ്ത 4 അങ്കണവാടികളെ കൂടി മാതൃകാ അങ്കണവാടിയാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം ഭരണാനുമതിയ്ക്കായി പരാമർശം (3), (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി 14907 നമ്പർ അക്കൗണ്ടിൽ പരാമർശം (1) പ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്ന് 17 ലക്ഷം രൂപയും ബന്ധപ്പെട്ട എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 6.75 ലക്ഷം രൂപയും ചേർത്ത് 23.75 ലക്ഷം രൂപ

(ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) വീതം ചെലവഴിച്ച് 10 സെന്റ് സ്ഥലം ലഭ്യമായതും ബന്ധപ്പെട്ട എം.എൽ.എ മാർ ശുപാർശ ചെയ്തതുമായ താഴെപ്പറയുന്ന അങ്കണവാടികളെ കുടി മാതൃകാ അങ്കണവാടികളാക്കി നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജില്ല | നിയോജക മണ്ഡലം | ഐസിഡിഎസ് പ്രോജക്ട് | ഗ്രാമ പഞ്ചായത്ത്/ നഗര സഭ | അങ്കണവാടി നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം/ സർവ്വെ നമ്പർ |
|---|---|---|---|---|---|
| പാലക്കാട് | കോങ്ങാട് | പാലക്കാട് (അഡീഷണൽ) | കോങ്ങാട് | 42 | 10 സെന്റ് |
| പത്തനംതിട്ട | കോന്നി | റാന്നി | കലഞ്ഞൂർ | 67 | 10 സെന്റ് |
| കോട്ടയം | ചങ്ങനാശ്ശേരി | മാടപ്പള്ളി (അഡീഷണൽ) | വഴപ്പള്ളി | 51 | 15 സെന്റ് |
| കണ്ണൂർ | തലശ്ശേരി | തലശ്ശേരി | തലശ്ശേരി | 65 | 12 സെന്റ് |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**കെ.എം. ലീലാമാണി,**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**